**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6460** **10-11-2021 - ൽ മറുപടിയ്ക്ക്**

**ദുരന്ത പ്രതികരണ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതികൾ മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കൂട്ടിക്കൽ വില്ലേജിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മരണപ്പെട്ട 13 പേരിൽ 6 പേരുടെ അവകാശികൾക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റ് 6 പേരും ഒരു കുടുംബത്തിലെ തന്നെ അംഗങ്ങളും അവകാശികൾ ആരും അവശേഷിച്ചിട്ടില്ലാത്തതിനാലും ധനസഹായം അനുവദിക്കേണ്ടത് ആർക്കാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി എത്രയും വേഗം ധനസഹായം അനുവദിക്കുന്നതാണ്. ബാക്കിയുള്ള ഒരു കേസിൽ മരണപ്പെട്ടയാൾക്ക് കൂടുതൽ അവകാശികളുള്ളതിനാൽ അവകാശികളുടെ സമ്മതപത്രം ലഭ്യമാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വീടുകളുടെ നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്നത് ഇക്കാര്യത്തിലേക്ക് നിയോഗിച്ചിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥരും LSGD എൻജിനീയറും അടങ്ങിയ ടീം ആണ്. പ്രസ്തുത ടീം നാശനഷ്ടത്തിന്റെ തോത് പരിശോധിച്ച് പൂർത്തീകരിച്ചയുടനെ 29.10.2021 ലെ സഉ(കൈ)നം.5/2021/ഡിഎംഡി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) | മഴക്കെടുതിയിൽ തകർന്ന മണ്ഡലത്തിലെ ഗ്രാമീണ റോഡുകളും പാലങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മഴക്കെടുതിൽ തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് അതത് വകുപ്പുകൾ മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എട്ടപ്പുകളുടെയും അടിയന്തര പുനരുദ്ധാരണ പ്രവർത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ